14974
10/7/17

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ബേപ്പൂർ നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ .വി.കെ.സി.മമ്മത് കോയ എം.എൽ.എ. യുടെ അസംബ്ലി നിയോജകമണ്ഡല ആസ്തിവികസന പദ്ധതി- ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ. (സാധാ) നമ്പർ. 2134/2017/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം 27.06.2017.

---

പരാമർശം :- (1) 11.06.2012-ലെ നം.332/2012/ധന. നമ്പർ സർക്കാർ ഉത്തരവ്.

(2) ബഹു. ബേപ്പൂർ എം.എൽ.എ. ശ്രീ.വി.കെ.സി.മമ്മത് കോയയുടെ 05.08.2016 ലെ 152/MLA/BPR/2016 നമ്പർ കത്ത്.

(3) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 26.05.2017 ലെ ഡിബി4-6677/17/സിഇ/തസ്വഭവ നമ്പർ കത്ത്.

ഉത്തരവ്

ബേപ്പൂർ അസംബ്ലി നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീവി.കെ.സി.മമ്മത് കോയ എം.എൽ.എ., "ജ്ഞാനപ്രകാശിനി വായനശാല, കെട്ടിടനിർമ്മാണം പെരുമുഖം (ഫറോക്ക് നഗരസഭ)" എന്ന പ്രവൃത്തിക്ക് അസംബ്ലി നിയോജകമണ്ഡല ആസ്തിവികസന പദ്ധതി പ്രകാരം ഭരണാനുമതി ലഭ്യമാക്കണമെന്ന് പരാമർശം 2 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. പരാമർശം 3 പ്രകാരം, തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. സമർപ്പിക്കുകയുണ്ടായി.

3. നിർദ്ദേശം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ബേപ്പൂർ നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.വി.കെ.സി. മമ്മത് കോയ എം.എൽ.എ.യുടെ ആസ്തിവികസന പദ്ധതിയിൽ നിന്നും "Project ID:727 ജ്ഞാനപ്രകാശിനി വായനശാല കെട്ടിടനിർമ്മാണം പെരുമുഖം (ഫറോക്ക് നഗരസഭ)"എന്ന പ്രവൃത്തിയ്ക്കായി ആകെ അടങ്കൽ തുകയായ 30 ലക്ഷം രൂപ അനുവദിച്ചുകൊണ്ടും വകുപ്പ് സംബന്ധമായ നടപടിക്രമങ്ങളും പരാമർശം ഒന്നിലെ സർക്കാർ ഉത്തരവും പാലിച്ചുകൊണ്ട് പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ് എന്ന നിബന്ധനയോടു കൂടിയും, ടി ഗ്രന്ഥശാല ഫറോക്ക് നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളതാണെന്നു ഉറപ്പു വരുത്താൻ നിർദ്ദേശിച്ചു കൊണ്ടും Lump sum ഇനത്തിൽ വകയിരുത്തിയിരിക്കുന്ന തുകയുടെ ചെലവുകൾ യഥാർത്ഥ ചെലവുകളുമായി പൊരുത്തപ്പെടേണ്ടതും നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായുമാകേണ്ടതാണ് എന്ന വ്യവസ്ഥയോടെയും ഭരണാനുമതി നൽകി ഉത്തരവാകുന്നു.

4. ആയതു സംബന്ധിച്ച ചെലവ് 4515-00-800-96-പ്രോജക്ട്സ് അണ്ടർ എൽ.എ.സി-എ.ഡി.എസ്'എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
റ്റി.കെ.ജോസ്,
പ്രിൻസിപ്പൽ സെക്രട്ടറി.

ശ്രീ.വി.കെ.സി.മമ്മത് കോയ എം.എൽ.എ., ബേപ്പൂർ നിയോജകമണ്ഡലം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
സെക്രട്ടറി, ഫറോക്ക് നഗരസഭ.
ധനകാര്യ വകുപ്പ് (276/എൻ.സി.സി.2/2016/ധന)
ഐ&പി.ആർ.(വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ.